**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2375** **05-02-2026 - ൽ മറുപടിയ്ക്ക്**

**ലൈഫ് മിഷൻ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. കെ. ബഷീർ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഭവനരഹിതർക്കായി നടപ്പിലാക്കുന്ന ലൈഫ് മിഷൻ പദ്ധതിയുടെ നിലവിലെ പുരോഗതിയുടെ വിശദാംശം വ്യക്തമാക്കാമോ; വിവിധ ഘട്ടങ്ങളിലായി ഇതുവരെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ജില്ല തിരിച്ചുള്ള കണക്കുകൾ സഹിതം ലഭ്യമാക്കാമോ; | (എ) | ലൈഫ് ഭവനപദ്ധതിയുടെ ഭാഗമായി 31.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറിലേർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീക രിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർ മ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗ മിക്കുന്നു. ഇതിനു പുറമെ ലൈഫ് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ, പാർ ട്ട്ണർഷിപ്പ്, സ്പോൺസർഷിപ്പ് എന്നിവയിലൂടെ 18 ഫ്ളാറ്റുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. 23 ഫ്ളാറ്റു കളുടെ നിർമ്മാണം പുരോഗമിക്കുന്നു 31.01.2026 വരെ പൂർത്തീകരിച്ച വിടുകളുടെ ജില്ലതിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | പൂർത്തീകരിച്ച വീടുകളുടെ എണ്ണം | പൂർത്തീകരിച്ച ഭവന സമുച്ചയങ്ങളുടെ എണ്ണം |
|---|---|---|
| തിരുവനന്തപുരം | 59391 | 4 |
| കൊല്ലം | 41459 | 1 |
| പത്തനംതിട്ട | 14530 | 0 |
| ആലപ്പുഴ | 34703 | 0 |
| കോട്ടയം | 19891 | 1 |
| ഇടുക്കി | 25855 | 2 |
| എറണാകുളം | 37365 | 3 |
| തൃശ്ശൂർ | 36157 | 1 |
| പാലക്കാട് | 51351 | 0 |
| മലപ്പുറം | 57162 | 1 |
| കോഴിക്കോട് | 36008 | 0 |
| വയനാട് | 27491 | 0 |
| കണ്ണൂർ | 22460 | 5 |
| കാസർഗോഡ് | 18913 | 0 |
| **ആകെ** | **482736** | **18** |

| | | | |
|---|---|---|---|
| (ബി) | ലൈഫ് മിഷൻ പദ്ധതിയുടെ മൂന്നാം ഘട്ടത്തിൽ ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട പലർക്കും ധനസഹായം ലഭിക്കുന്നതിൽ വലിയ കാലതാമസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള കാരണം വ്യക്തമാക്കാമോ; ആയത് പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | ലൈഫ് ഭവനപദ്ധതിയുടെ മൂന്നാം ഘട്ടമായ ഭൂരഹിത ഭവനരഹിതരുടെ പുനരധിവാസത്തിനായി ഭൂമി ലഭ്യമാക്കുന്നതിനായി സർക്കാർ/ പുറമ്പോക്ക് ഭൂമി കണ്ടെത്തി ഗുണഭോക്താക്കൾക്ക് നൽകുന്നതിനും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പട്ടികജാതി, പട്ടികവർഗ്ഗ വികസന വകുപ്പുകൾ എന്നിവ മുഖേനയും ലൈഫ് ഭൂരഹിത ഭവന രഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിനുപറമെ മനസ്സോടിത്തിരി മണ്ണ് ക്യാമ്പയിന്റെ ഭാഗമായി ലഭിക്കുന്ന ഭൂമിയും ഗുണഭോക്താക്കൾക്ക് നൽകുന്നു. കൂടാതെ ലൈഫ് ചിറ്റിലപ്പിള്ളി ഭവന പദ്ധതിയുടെ ഭാഗമായി 2000 ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിൽ 1506 പേർക്ക് ഇതിനോടകം ഭൂമി ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ/പാർട്ണർഷിപ്പ്/ സ്പോൺസർഷിപ്പ്/ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയിലൂടെ നിർമ്മാ ണം പൂർത്തീകരിച്ച ഭവനസമുച്ചയ ങ്ങളിലൂടെയും ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസം സാദ്ധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഭൂരഹിത ഭവന രഹിതരുടെ പുനരധിവാസത്തിനായി വിവിധ സ്ഥലങ്ങളിലായി 23 ഭവനസമുച്ചയങ്ങളുടെ നിർമ്മാണവും പുരോഗമിക്കുന്നു. |
| (സി) | സംസ്ഥാനത്ത് ലൈഫ് മിഷൻ പ്രഖ്യാപിച്ചത് മുതൽ നാളിതുവരെ എത്ര പട്ടികജാതി പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്; ജില്ലാ തിരിച്ചുള്ള വിവരങ്ങളും, ആയതിനായി എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ; | (സി) | 31.01.2026 വരെ 1,56,165 പട്ടികജാതി ഗുണ ഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 1,27,888 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു.<br><br>പട്ടിക വർഗ്ഗ വിഭാഗത്തിൽപ്പെട്ട 53,595 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചതിൽ 46,632 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചു. വീട് അനുവദിച്ചതും നിർമ്മാണം പൂർത്തീകരി ച്ചതുമായി പട്ടികജാതി, പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ലതിരിച്ചുള്ള വിവരം അനുബന്ധം(1)ആയി ചേർക്കുന്നു. ആയതിനായി ചെലവഴിച്ച തുകയുടെ വിശദവിവരം ശേഖരിച്ച് ക്രോഡീകരിച്ച് നൽകുന്നതാണ്. |
| (ഡി) | ലൈഫ് മിഷൻ വഴി നിർമ്മിക്കുന്ന ഫ്ലാറ്റ് സമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ; | (ഡി) | ലൈഫ് മിഷൻ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘട നകൾ, പാർട്ട്ണർഷിപ്പ്, സ്പോൺസ ർഷിപ്പ് എന്നിവയിലൂടെ 18 ഫ്ളാറ്റു കളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറി യിട്ടുണ്ട്. 23 ഫ്ളാറ്റുകളുടെ നിർമ്മാണം പുരോഗമിക്കുന്നു. വിശദാംശം അനുബന്ധം(2)ആയി ചേർക്കുന്നു. |
| (ഇ) | ലൈഫ് മിഷൻ പദ്ധതിയുടെ മൂന്ന് ഘട്ടങ്ങളിലായി ഇതുവരെ പൂർത്തീകരിച്ച വീടുകളുടെ എണ്ണം ലഭ്യമാക്കാമോ; ഓരോ ഘട്ടത്തിലും വിനിയോഗിച്ച തുകയുടെ വിശദാംശങ്ങളും, ഈ പദ്ധതിക്കായി ധനസമാഹരണം നടത്തിയ സ്രോതസ്സുകളും വെളിപ്പെടുത്താമോ? | (ഇ) | ഒരു സമഗ്ര ഭവന പദ്ധതിയാണ് ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി. ലൈഫ് ഭവന പദ്ധതി പ്രകാരം 2016-17 മുതൽ 31.01.2026 വരെ 6,00,610 ഗുണഭോക്താക്കൾ ഭവനനിർമ്മാണ ധനസഹായ ത്തിനായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി കരാറി ലേർപ്പെട്ടതിൽ 4,82,736 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. 1,17,874 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിൽ പുരോഗമിക്കുന്നു. നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ ഘട്ടം തിരിച്ചുള്ളവിവരം അനുബന്ധം 3 ആയി ചേർക്കുന്നു..<br><br>ടി വീടുകളുടെ ഭവനനിർമ്മാണ ധനസഹായമിനത്തിൽ ഇതുവരെ ആകെ 20638.16 കോടി രൂപ ഇതിനോടകം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ സംസ്ഥാന തദ്ദേശസ്വയംഭരണ സ്ഥാപന വിഹിതമിനത്തിൽ 18149.264336 കോടി രൂപയും കേന്ദ്ര വിഹിതമിനതിൽ 2488.899900 കോടി രൂപയും ഉൾപ്പെടുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

| ജില്ല | അനുവദിച്ച വീടുകളുടെ എണ്ണം | | നിർമ്മാണം പൂർത്തീകരിച്ച വീടുകളുടെ എണ്ണം | |
|---|---|---|---|---|
| | പട്ടിക ജാതി | പട്ടിക വർഗ്ഗം | പട്ടിക ജാതി | പട്ടിക വർഗ്ഗം |
| തിരുവനന്തപുരം | 18833 | 2135 | 15479 | 1822 |
| കൊല്ലം | 17880 | 747 | 14588 | 695 |
| പത്തനംതിട്ട | 7823 | 607 | 6447 | 457 |
| ആലപ്പുഴ | 9551 | 287 | 8307 | 239 |
| കോട്ടയം | 5780 | 761 | 4761 | 646 |
| ഇടുക്കി | 7465 | 7117 | 5946 | 6008 |
| എറണാകുളം | 9353 | 887 | 8717 | 745 |
| തൃശ്ശൂർ | 15384 | 475 | 12981 | 372 |
| പാലക്കാട് | 22019 | 6727 | 16344 | 5579 |
| മലപ്പുറം | 20053 | 5194 | 15762 | 4900 |
| കോഴിക്കോട് | 11559 | 1324 | 9777 | 1218 |
| വയനാട് | 3628 | 16067 | 2930 | 13752 |
| കണ്ണൂർ | 3551 | 4006 | 3123 | 3733 |
| കാസർഗോഡ് | 3286 | 7261 | 2726 | 6466 |
| **ആകെ** | **156165** | **53595** | **127888** | **46632** |

**അനുബന്ധം 2**

| ഭവനസമുച്ചയ നിർമ്മാണ പുരോഗതി | | | |
|---|---|---|---|
| ക്രമ നം. | സ്ഥലം | ജില്ല | പുരോഗതി (%) |
| 1 | ചെമ്മനാട് | കാസർഗോഡ് | 95 |
| 2 | ചിറ്റൂർ, തത്തമംഗലം | പാലക്കാട് | 68 |
| 3 | അഞ്ചൽ | കൊല്ലം | 58 |
| 4 | കണ്ണപുരം | കണ്ണൂർ | 52 |
| 5 | കൊടുമ്പ് - കണ്ണാടി | പാലക്കാട് | 50 |
| 6 | കട്ടപ്പന | ഇടുക്കി | 40 |
| 7 | ചാത്തമംഗലം | കോഴിക്കോട് | 36 |
| 8 | വാത്തിക്കുടി | ഇടുക്കി | 30 |
| 9 | ഏനാത്ത് | പത്തനംതിട്ട | 30 |
| 10 | പന്തളം | പത്തനംതിട്ട | 30 |
| 11 | ആലങ്കോട് | മലപ്പുറം | 23 |
| 12 | ആന്തൂർ | കണ്ണൂർ | 22 |
| 13 | മണ്ണഞ്ചേരി | ആലപ്പുഴ | 21 |
| 14 | അയ്യമ്പുഴ | എറണാകുളം | 20 |
| 15 | കാറളം | തൃശ്ശൂർ | 15 |
| 16 | കാഞ്ചിയാർ | ഇടുക്കി | 10 |
| 17 | മടവൂർ | തിരുവനന്തപുരം | 10 |
| 18 | പയ്യന്നൂർ | കണ്ണൂർ | 9 |
| 19 | മിഠായിക്കുന്ന്, തലയോലപ്പറമ്പ് | കോട്ടയം | 9 |
| 20 | നടുവണ്ണൂർ | കോഴിക്കോട് | 5 |
| 21 | ചിറക്കൽ | കണ്ണൂർ | 5 |
| 22 | നെല്ലിക്കുഴി (പാർട്ട്ണർഷിപ്പ്) | എറണാകുളം | 70 |
| 23 | പൂവച്ചൽ | തിരുവനന്തപുരം | 10 |

<u>അനുബന്ധം 3</u>

| **നം** | **ലൈഫ് മിഷൻ/ വകുപ്പുകൾ** | **പൂർത്തീകരിച്ച വീടുകളുടെ എണ്ണം** |
|---|---|---|
| 1 | ലൈഫ് ഒന്നാം ഘട്ടം (പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണം) | 52,680 |
| 2 | ലൈഫ് രണ്ടാം ഘട്ടം (ഭൂമിയുള്ള ഭവനരഹിതരുടെ ഭവന നിർമ്മാണം) | 98,851 |
| 3 | ലൈഫ് മൂന്നാം ഘട്ടം (ഭൂരഹിത ഭവനരഹിതരിൽ നിന്നും ഭൂമിയാർജ്ജിച്ചവർ) | 28,845 |
| 4 | അഡീഷണൽ ലിസ്റ്റ് (എസ്സി/എസ്.ടി/ ഫിഷറീസ്) | 32,205 |
| 5 | ലൈഫ് 2020 + ഇ.പി.ഇ.പി. | 96,870 |
| 6 | പി.എം.എ.വൈ-ലൈഫ് (അർബൻ) | 97,226 |
| 7 | പി.എം.എ.വൈ-ലൈഫ് (റൂറൽ) | 34,683 |
| 8 | വിവിധ വകുപ്പുകൾ | 40,450 |
| 9 | ഭവനസമുച്ചയങ്ങളിലൂടെ പുനരധിവസിപ്പിക്കപ്പെട്ടവർ | 926 |
| **ആകെ** | | **4,82,736** |